"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവീസസ് - ജീവനക്കാര്യം - സ.ഉ (സാധാ) നം. 230/2024/ആ.കു.വ തീയതി 31.01.2024 പ്രകാരം വൈസ് പ്രിൻസിപ്പൽ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നേടിയ നഴ്സിംഗ് ട്യൂട്ടർമാരുടെ നിയമനം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2763/2024/H&FWD തീയതി, തിരുവനന്തപുരം, 18-11-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം.1151/2023/ആ.കു.വ തീയതി 16.05.2023
2. സ.ഉ.(സാധാ) നം.230/2024/ആ.കു.വ തീയതി 31-01-2024.
3. O.A No. 629/2021 കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 09.04.2024 -ലെ ഉത്തരവ്
4. സ.ഉ.(പി) നം. 70/2024/ആ.കു.വ തീയതി 09.08.2024
5. O.A No. 629/2021 കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 29.08.2024 -ലെ ഉത്തരവ്
6. സ.ഉ (സാധാ) നം. 2138/2024/ആ.കു.വ തീയതി 06.09.2024
7. സ.ഉ (സാധാ) നം. 2474/2024/ആ.കു.വ തീയതി 17.10.2024
8. 31.08.2024 തീയതിയിലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ആ.വ.ഡ/7187/2023-ഇ2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിന് കീഴിലെ നേഴ്സിംഗ് സ്കൂളുകളിൽ വൈസ് പ്രിൻസിപ്പൽ തസ്തികയിൽ 2014 മുതൽ 2019 കാലയളവിൽ ഉണ്ടായ 15 ഒഴിവുകളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട ഒ.എ നം.629/2021 കേസിലെ 16.12.2022 ലെ ഇടക്കാല ഉത്തരവ് പാലിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം 15 നേഴ്സിംഗ് ട്യൂട്ടർമാരെ താൽക്കാലിക സ്ഥാനക്കയറ്റത്തിലൂടെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സ്ഥാനക്കയറ്റ ഉത്തരവ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട OA No. 1279/2023 കേസിലെ 20.12.2023 -ലെ ഇടക്കാല ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് പരാമർശം (2) ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു.

2. Indian Nursing Council മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്Kerala Health (Nursing in Education Wing) State Service Rules -ൽ നിന്നും സീനിയർ നേഴ്സിംഗ് ട്യൂട്ടർ തസ്തിക നീക്കം ചെയ്തുകൊണ്ട് ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുള്ളതിനാലായിരുന്നു വൈസ് പ്രിൻസിപ്പൽ തസ്തികയിൽ റഗുലർ സ്ഥാനക്കയറ്റം നൽകാൻ സാധിക്കാതിരുന്നത്. S.R.O No.1144/2023

തീയതി 01.11.2023 പ്രകാരം Kerala Health (Nursing in Education Wing) State Service Rules ഭേദഗതി ചെയ്തു. പ്രസ്തുത ഭേദഗതിയിലൂടെ സീനിയർ നേഴ്സിംഗ് ട്യൂട്ടർ തസ്തിക സ്പെഷ്യൽ റൂളിൽ നിന്നും ഒഴിവാക്കപ്പെട്ട പശ്ചാത്തലത്തിലും ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിലും, വൈസ് പ്രിൻസിപ്പൽ തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹരായ ജീവനക്കാരെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡി.പി.സി 05.07.2024- ൽ യോഗം ചേർന്നു. തുടർന്ന് പരാമർശം (4) ഉത്തരവ് പ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് ഗസ്റ്റിൽ പ്രസിദ്ധീകരിക്കുകയും പരാമർശം (3) പ്രകാരമുള്ള ബഹു. ട്രൈബ്യൂണൽ വിധി അനുപാലനം ചെയ്തുകൊണ്ട് പരാമർശം (6) ഉത്തരവ് പുറപ്പെടുവിച്ചു.

**3.** സെലക്ട് ലിസ്റ്റ്, സീനിയോറിറ്റിയുടെ അടിസ്ഥനത്തിലല്ല മറിച്ച് Rule 28 (b) (i) (14) (iA) of Part II KS & SSR പ്രകാരം തയ്യാറാക്കണെന്ന് ആവശ്യപ്പെട്ട് എം.എസ്.സി (നേഴ്സിംഗ്) യോഗ്യതയുള്ള 3 നേഴ്സിംഗ് ട്യൂട്ടർമാർ MA 1613/2024 in OA 629/2021 കേസ് ഫയൽ ചെയ്യുകയും തുടർന്ന് പരാമർശം (5) പ്രകാരമുള്ള ട്രൈബ്യൂണൽ ഉത്തരവ് അനുപാലനം ചെയ്തുകൊണ്ട് 08.10.2024- ൽ ഡി.പി.സി യോഗം ചേരുകയും ആവലാതിക്കാരുടെ ആവശ്യം പരിഗണിക്കുകയുമുണ്ടായി. സ്പെഷ്യൽ റൂൾസ് ഭേദഗതി നിലവിൽ വന്നത് 01.11.2023- ൽ ആയതിനാൽ ടി ദിവസം നിശ്ചിത യോഗ്യതകൾ നേടിയ എല്ലാവരെയും സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി പരിഗണിക്കേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ വൈസ് പ്രിൻസിപ്പൽ നിയമനത്തിനുള്ള അധ്യാപന പരിചയം [എം.എസ്.സി (നേഴ്സിംഗ്) യോഗ്യതയുള്ളവർക്ക് 4 വർഷവും, ബി.എസ്.സി (നേഴ്സിംഗ്) യോഗ്യതയുള്ളവർക്ക് 6 വർഷവും] ആദ്യം നേടിയത് എം.എസ്.സി (നേഴ്സിംഗ്) യോഗ്യതയുള്ള നേഴ്സിംഗ് ട്യൂട്ടർമാർ ആയതിനാൽ ആദ്യ സ്ഥാനങ്ങളിൽ എം.എസ്.സി (നേഴ്സിംഗ്) യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി Rule 28 (b) (i) (14) (iA) of Part II KS & SSR പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കണമെന്ന ആവശ്യം യോഗം നിരസിച്ചു. ഡി.പി.സി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) ഉത്തരവ് പുറപ്പെടുവിച്ചു.

**4.** മേൽ വസ്തുതകളുടെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (8) പ്രകാരമുള്ള ശിപാർശയുടെയും അടിസ്ഥാനത്തിൽ സ.ഉ (സാധാ) നം.230/2024/ആ.കു.വ തീയതി 31.01.2024 (പരാമർശം 2) പ്രകാരം വൈസ് പ്രിൻസിപ്പൽ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നേടിയ എല്ലാ നഴ്സിംഗ് ട്യൂട്ടർമാരുടെയും നിയമനം ഉത്തരവ് തീയതിയായ 31.01.2024 പ്രാബല്യത്തിൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്, നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ സ്റ്റേഷൻ | വൈസ് പ്രിൻസിപ്പൽ തസ്തികയിൽ നിയമിച്ചുത്തരവായ സ്ഥാപനം |
|---|---|---|
| 1. | ശ്രീമതി.ശശികല സി<br>ഗവ. നഴ്സിംഗ് സ്കൂൾ, കോട്ടയം | സർക്കാർ നഴ്സിംഗ് സ്കൂൾ, കൊല്ലം |
| 2. | ശ്രീമതി. ആസാദീപ് ടി.എസ്<br>ഗവ. നഴ്സിംഗ് സ്കൂൾ, പാലക്കാട് | സർക്കാർ നഴ്സിംഗ് സ്കൂൾ, പാലക്കാട് |
| 3 | ശ്രീമതി.ശ്രീജ യു.എൻ<br>ഗവ. നഴ്സിംഗ് സ്കൂൾ, കോഴിക്കോട് | സർക്കാർ നഴ്സിംഗ് സ്കൂൾ, കോഴിക്കോട് |
| 4 | ശ്രീമതി.ഷീബ എൻ എസ് | സർക്കാർ നഴ്സിംഗ് സ്കൂൾ, കണ്ണൂർ |

| | | |
|---|---|---|
| | ഗവ. നഴ്സിംഗ് സ്കൂൾ, കോഴിക്കോട് | |
| 5 | ശ്രീമതി.ഷീജ ഒ<br>ഗവ. നഴ്സിംഗ് സ്കൂൾ, മഞ്ചേരി, മലപ്പുറം | സർക്കാർ നഴ്സിംഗ് സ്കൂൾ, മലപ്പുറം |
| 6 | ശ്രീ.ജയപ്രകാശ് സി.പി.കെ<br>ഗവ. നഴ്സിംഗ് സ്കൂൾ, കാസർഗോഡ് | സർക്കാർ നഴ്സിംഗ് സ്കൂൾ, കാസർഗോഡ് |
| 7 | ശ്രീമതി.റീന തോമസ്<br>ഗവ. നഴ്സിംഗ് സ്കൂൾ, പത്തനംതിട്ട | സർക്കാർ നഴ്സിംഗ് സ്കൂൾ, പത്തനംതിട്ട |
| 8 | ശ്രീമതി.മറിയം കോശി<br>ഗവ. നഴ്സിംഗ് സ്കൂൾ, ഇടുക്കി | സർക്കാർ നഴ്സിംഗ് സ്കൂൾ, ഇടുക്കി |
| 9 | ശ്രീമതി.സാലമ്മ പി കെ<br>ഗവ. നഴ്സിംഗ് സ്കൂൾ, കൊല്ലം | സർക്കാർ നഴ്സിംഗ് സ്കൂൾ, തിരുവനന്തപുരം |
| 10 | ശ്രീമതി.ശ്രീല സി<br>ഗവ. നഴ്സിംഗ് സ്കൂൾ, തിരുവനന്തപുരം | എസ്.സി/എസ്.ടി സർക്കാർ നഴ്സിംഗ് സ്കൂൾ, ആശ്രാമം, കൊല്ലം |
| 11 | ശ്രീമതി.നിഷ റ്റി മാത്യൂസ്<br>ഗവ. നഴ്സിംഗ് സ്കൂൾ, കൊല്ലം | സർക്കാർ നഴ്സിംഗ് സ്കൂൾ, ആലപ്പുഴ |
| 12 | ശ്രീമതി.ബിന എം.എ<br>ഗവ. നഴ്സിംഗ് സ്കൂൾ, പത്തനംതിട്ട | സർക്കാർ നഴ്സിംഗ് സ്കൂൾ, കോട്ടയം |
| 13 | ശ്രീമതി.ശശികല കെ.എസ്<br>ഗവ. നഴ്സിംഗ് സ്കൂൾ, കോട്ടയം | സർക്കാർ നഴ്സിംഗ് സ്കൂൾ, എറണാകുളം |
| 14 | ശ്രീമതി.സുധ കെ<br>ഗവ. നഴ്സിംഗ് സ്കൂൾ, പാലക്കാട് | സർക്കാർ നഴ്സിംഗ് സ്കൂൾ, തൃശ്ശൂർ |
| 15 | ശ്രീമതി.ബിജി തോമസ്<br>ഗവ. നഴ്സിംഗ് സ്കൂൾ, ആലപ്പുഴ | സർക്കാർ നഴ്സിംഗ് സ്കൂൾ, വയനാട് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല ആർ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ജീവനക്കാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Prijith. G

Date: 18-11-2024 12:42:15

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.